# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :6328 03.04.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി-വർഗ്ഗ നിയമത്തിന്റെ ദുരുപയോഗം തടയാൻ നടപടി

| ചോദ്യം<br>ശ്രീ. പി.കെ.ശശി | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി-വർഗ്ഗ നിയമത്തിന്റെ ദുരുപയോഗം തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) & ബി) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഈ സർക്കാർ കാലയളവിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | എസ്.സി/എസ്.ടി പീഢനം തടയൽ നിയമത്തിന് കീഴിലെ കുറ്റകൃത്യം സംബന്ധിച്ച പരാതികളിൽ സുപ്രീംകോടതി നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസിൽ മുൻകൂർ ജാമ്യം നല്കുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ല. എന്നാൽ ടി ആക്ട് ദുരുപയോഗം ചെയ്താണ് പ്രതിക്കെതിരെ കേസെടുത്തിട്ടുള്ളതെന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യപ്പെടുന്ന പക്ഷം മുൻകൂർ ജാമ്യം നൽകുന്നതിന് തടസ്സമില്ലെന്ന് വിധി വന്നിട്ടുണ്ട്. കൂടാതെ പ്രതികളാകുന്ന ഉദ്യോഗസ്ഥരെ മേലുദ്യോഗസ്ഥരുടെ മുൻകൂർ അനുമതിയോടെയും, മറ്റുള്ളവരെ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ |

| | | | |
|---|---|---|---|
| | | | അനുമതിയോടെയും മാത്രമെ അറസ്റ്റ് ചെയ്യാവൂ എന്ന നിർദ്ദേശവും സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ കാലയളവിൽ പ്രസ്തുത നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദാംശം ലഭ്യമാക്കുമോ? | | ടി നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ